155/NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
26/11/2019

## സർക്കുലർ

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ഹരിത ഗ്രാമങ്ങേളിലോ , ക്ലസ്റ്റർ തലത്തിൽ ഏറ്റെട്ടുത്തിരിക്കുന്ന മാതൃകാഹരിത ഗ്രാമങ്ങളിലോ യൂണിറ്റ് നേരിട്ട് ഇടപെടാൻ കഴിയുന്ന സ്ഥലത്തോ ഉള്ള പ്രൈമറി വിദ്യാലയങ്ങളോ അങ്കണ വാടികളോ ഏറ്റെടുത്ത് അവയെ സമഗ്രമായി പിന്തുണക്കുന്നതിനുവേണ്ടി രൂപം കൊടുത്ത പരിപാടിയാണ് **'അക്ഷര സമൃദ്ധി'** പദ്ധതി. 2019 ഡിസംബർ 21 മുതൽ ആരംഭിക്കുന്ന സപ്തദിന സ്പെഷ്യൽ ക്യാമ്പിൽ അക്ഷര സമൃദ്ധി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുഴുവൻ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രമാക്കി ഉയർത്തിക്കൊണ്ടുവരാൻ പൊതു സമൂഹത്തിന്റെ ഇടപെടൽ അനിവാര്യതയാണ്.ഇത്തരത്തിൽ ഇടപെട്ട് പ്രാഥമിക വിദ്യാലയങ്ങളുടെ ഭൗതിക , അക്കാദമിക് നിലവാരം ഉയർത്തിക്കൊണ്ടുവരുന്നത് അയൽപക്ക വിദ്യാലയങ്ങൾ എന്ന സങ്കല്പം കൂടുതൽ യാഥാർത്ഥ്യത്തിലേക്ക് എത്തിക്കാൻ ഉപകരിക്കും.

## ലക്ഷ്യങ്ങൾ

- എൻ എസ് എസ് വോളന്റിയർമാർക്ക് വസ്തുനിഷ്ഠവും ചിട്ടയായതുമായ സാമൂഹ്യ ഇടപെടലിന് അവസരം നൽകുക.
- പൊതു സമൂഹത്തിൽ കൈത്താങ്ങ് വേണ്ട ഇടങ്ങളെക്കുറിച്ച് വോളന്റിയമാർക്ക് അവബോധമുണ്ടാവുക.
- പ്രാഥമിക വിദ്യാലയങ്ങളെ പൊതു സമൂഹവുമായി കൂട്ടിയിണക്കുക.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാദ്ധ്യതകൾ വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് പരമാവധി ഉപയോഗപ്പെടുത്തുക.
- . വിദ്യാലയം നേരിടുന്ന ഭൗതിക സാഹചര്യ പരിമിതികൾക്ക് ജനകീയ ഇടപെടൽ വഴി പരിഹാരം കാണുക.
- പഠനം കൂടുതൽ ആസ്വാദ്യകരവും എന്നാൽ ഗൗരവതരവുമാക്കാൻ പരിചയ സമ്പന്നരായ റിസോഴ്സ് വ്യക്തികളെ സ്കൂൾ അക്കാദമിക് പ്രവർത്തനങ്ങളുമായി ബന്ധിപ്പികുക.
- കുട്ടികൾ പ്രാഥമിക ക്ലാസുകളിൽത്തന്നെ പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പ്രാപ്തരാക്കുക.
- വിദ്യാർത്ഥികളിൽ മാതേതര കാഴ്ച്ചപ്പാടും ശാത്രീയബോധവും ലിംഗസമത്വബോധവും വളർത്താനുതകുന്ന ഇടപെടൽ നടത്തുക.
- പ്രാഥമിക വിദ്യാലയങ്ങളുടെ അക്കാദമിക രംഗത്ത് എൻ എസ് എസ് വോളന്റിയർമാരുടെ സർഗശേഷി പരമാവധി ഉപയുക്തമാക്കി പീർഗ്രൂപ്പ് പഠനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
- താഴ്ന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരവും സ്കൂൾ ഭൗതിക സാഹചര്യവും ഉന്നത നിലവാരത്തിലെത്തിക്കുക എന്ന ദൗത്യം ഏറ്റെടുക്കുന്ന കൗമാരക്കാരിൽ അത്മാഭിമാനം , അർപ്പണബോധം , സാമൂഹ്യ ഉത്തരവാദിത്തം എന്നിവ അയത്നേന വളർത്താൻ സഹായിക്കുക.

## <u>നിർദ്ദേശിക്കപ്പെടുന്ന പ്രവർത്തനങ്ങൾ</u>

- സ്കൂൾ ക്യാമ്പസിൽ ശലഭോദ്യാനം , ജൈവ വൈവിധ്യ ഉദ്യാനം , മുളങ്കാടുകൾ ,ഔഷധത്തോട്ടം ഫലവൃക്ഷങ്ങൾ മുതലായവ നട്ടുപിടിക്കുന്ന പ്രവർത്തനങ്ങൾ.
- സ്കൂളിൽ വിവിധതരം മത്സ്യങ്ങൾ ഉള്ള അലങ്കാര മത്സ്യ ടാങ്ക് സ്ഥാപിച്ച് സംരക്ഷിക്കുക.
- ശുദ്ധജല വിതരണത്തിനായി വാട്ടർ ഫിൽട്ടറുകൾ സ്പോൺസർഷിപ്പ് ഉപയോഗിച്ച് കണ്ടെത്തുക.
- പഴയ റ്റി. വി , കമ്പ്യൂട്ടർ , ലാപ്പ്ടോപ്പ് മുതലായവ ഉപയോഗയോഗ്യമായത് എന്ന് ഉറപ്പുവരുത്തി സ്പോൺസർ ചെയ്യിച്ച് സ്കൂളിൽ ഉപയോഗപ്പെടുത്തുക.
- സ്കൂൾ കെട്ടിടങ്ങൾ പെയ്ന്റിംഗ് നടത്തി മനേഹരമാക്കുകയും ചുമരുകളിൽ ആകർഷകമായ ചിത്രങ്ങൾ , മഹത് വചനങ്ങൾ തുടങ്ങിയവ വരച്ചുനൽകയും ചെയ്യുക.

- ട്രാഫിക്ക് സിംബലുകൾ പരിചയപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ സ്കൂളിൽ ഒരുക്കുക.
- കളിപ്പാട്ടങ്ങൾ,ടീച്ചിംഗ് ഏയ്ഡുകൾ തുടങ്ങിയവ ( ഉപയോഗയോഗ്യമായ പഴയ സാധനങ്ങൾ സുലഭമായി കണ്ടെത്താൻ സാധിക്കും) സ്കൂളുകൾക്ക് നൽകുക.
- തദ്ദേശീയമായി ലഭ്യമായ ജൈവ വസ്തുക്കളുപയോഗിച്ചുള്ള കളിപ്പാട്ട നിർമ്മാണം, പഠനോപകരണ നിർമ്മാണ പരിശീലനം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നൽകാവുന്നതാണ്.
- ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചതും പഠനബോധന പ്രക്രിയയിൽ സൃഷ്ടിപരമായി ഇടപെടാൻ ശേഷിയുള്ളവരുമായ വ്യക്തികളുടെ സേവനം വിദ്യാലയത്തിന് പ്രയോജനപ്പെടുത്തുക.
- വിദ്യാലയങ്ങളുടെ സുരക്ഷയെക്കുറിച്ചും അപകടങ്ങളുണ്ടായാൽ നൽകേണ്ട പ്രഥമ ശുശ്രൂഷയെക്കുറിച്ചും, സ്കൂൾ ജീവനക്കാർക്കും , അദ്ധ്യാപകർക്കും രക്ഷാകർത്താക്കൽക്കും വിദഗ്ധ പരീശീലനം നൽകുക.
- സ്കൂൾ സമീപത്തുള്ള പ്രാഥമിക/കമ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളുമായി സ്കൂളിന് ബന്ധമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കുട്ടികളുടെ ശൈശവത്തിൽ നേരിടുന്ന ശാരീരിക , മാനസിക പഠന വൈകല്യങ്ങൾ തിരിച്ചറിയാൻ അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും ബോധവത്കരണം നടത്തുക.

വ്യക്തികൾ , കോർപ്പറേറ്റ് സ്ഥാപനങ്ങൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സ്പോൺസർഷിപ്പിൽ സ്കൂൾ നവീകരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. പൂർവ്വ വിദ്യാർത്ഥികൾ മുൻ എൻ എസ് എസ് വോളന്റിയർമാർ, രക്ഷാകർത്താക്കൾ തുടങ്ങിയവരുടെ സ്പോൺസർഷിപ്പും ഉപയോഗപ്പെടുത്താം.

ക്യാമ്പ് ആരംഭിക്കുന്നതിനു മുൻപായി പ്രോഗ്രാം ഓഫീസർമാർ ഏറ്റെടുക്കുന്ന വിദ്യാലയം സന്ദർശിക്കുകയും ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ മുതലായവരുടെ യോഗം വിളിച്ചുചേർത്ത് പദ്ധതി രൂപരേഖ തയ്യാറാക്കുകയും സമയബന്ധിതമായി നടപ്പിലാക്കുകയും എൻഎസ്എസ് സെല്ലിലേയ്ക്കും അതാത് ജില്ലാ കൺവീനർമാർക്കും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഡിസംബർ 21 മുതൽ സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന സപ്തദിന സ്പെഷ്യൽ ക്യാമ്പിംഗ് പരിപാടിയിൽ ഏറ്റെടുക്കുന്ന സ്കൂളുകളിൽ കേന്ദ്രീകരിച്ചാണ് പ്രധാന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ഈ സമയത്ത് ഉദ്യാന നിർമ്മാണ പ്രവർത്തനങ്ങൾ, ക്യാമ്പസ് വൃത്തിയാക്കൽ, പെയിന്റിംഗ് തുടങ്ങി ഭൗതിക സാഹചര്യങ്ങൾ കൂടുതൽ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ പ്രധാന പ്രോജക്ട് വർക്കായി യൂണിറ്റുകൾ ഏറ്റെടുക്കേണ്ടതാണ്.

സ്പെഷ്യൽ ക്യാമ്പിനുശേഷവും ഇതിന്റെ തുടർ പ്രവർത്തനങ്ങളിൽ യൂണിറ്റുകൾ ഏർപ്പെടുകയും അവ കേന്ദ്രീകൃതമായി റിപ്പോർട്ട് ചെയ്യാനും സംവിധാനമൊരുക്കുന്നതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ